പൂർണ്ണമായി അവഗണിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്ന, ആകാശവാണി പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്ന ലളിത സംഗീതപാഠം കഴിഞ്ഞ ഒരു വർഷമായി നിറുത്തിവച്ചിരിക്കുകയാണ്. അതിനുപകരം പാശ്ചാത്യ ഡിസ്കോ സംഗീതവും തമിഴ് പരിപാടികളുമൊക്കെയാണ് കൂടുതലായി ഉൾക്കൊള്ളിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലയാളം പരിപാടികൾ കുറയ്ക്കുന്ന നടപടിക്കെതിരെ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : തിരുവനന്തപുരം ആകാശവാണി കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. അതിൽ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മിനിസ്ട്രിയുടെ ഗൈഡ്-ലൈൻ അനുസരിച്ചാണ് പ്രോഗ്രാം ഫിക്സ് ചെയ്യുന്നത്. ഏതായാലും ശരി മലയാളത്തിലുള്ള പരിപാടികൾ കുറവുചെയ്തിട്ടുണ്ടെങ്കിൽ കുറവുചെയ്യരുതെന്നും കൂടുതൽ അനുവദിക്കണമെന്നുമുള്ള കാര്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരും.

## (35) ചെന്നിത്തല കൊക്കേരി ഫാം തൊഴിലാളികളുടെ നേരെയുള്ള പോലീസ് മർദ്ദനവും കള്ളക്കേസ്സുകളും

ശ്രീ. എം. കെ. കേശവൻ : സർ, മാവേലിക്കര താലൂക്കിൽ ചെന്നിത്തല വില്ലേജിൽ കൊക്കേരി ഫാം എന്നൊരു കൃഷിത്തോട്ടമുണ്ട്. പി. സി. കോശി എന്ന ആൾ നടത്തിവരുന്ന ഈ കൃഷിത്തോട്ടത്തിൽ 36-ഓളം കർഷകത്തൊഴിലാളികൾ പണിയെടുത്തിരുന്നു. കഴിഞ്ഞ ഓണക്കാലത്ത് ആ കർഷക തൊഴിലാളികൾ 25 രൂപ ഓണാവശ്യത്തിനു വേണമെന്നുപറഞ്ഞ് ആവശ്യപ്പെട്ടതുകൊണ്ട് അവരുടെ പേരിൽ കള്ളക്കേസുണ്ടാക്കി അവരെ പോലീസിനെക്കൊണ്ട് പിടിപ്പിച്ച് അറസ്റ്റ് ചെയ്യിപ്പിച്ച് കോടതിയിൽവരെ കൊണ്ടുപോയി. ഈ തൊഴിലാളികളെ കണ്ടമാനം മർദ്ദിച്ചിരിക്കുന്നു അവിടെയുള്ള വാച്ചർ രാമലിംഗം ഉൾപ്പെടെയുള്ള നാലുപേരെ മർദ്ദിച്ചിരിക്കുന്നു. ആലപ്പുഴ എസ്. പി. യും ചെങ്ങന്നൂർ ഡി. വൈ. എസ്. പി. യുമാണ് ഇതിന് സഹായമായി നിന്നു കൊടുക്കുന്നത്. അതിന്റെ ഫലമായി ഈ പാവപ്പെട്ട തൊഴിലാളികളെ മർദ്ദിക്കുകയും അവരുടെ തൊഴിൽ നിഷേധിക്കുകയും ഈ ഉടമകളുടെ ഗുണ്ടകളും മറ്റ് ആളുകളും ചേർന്നുകൊണ്ട് കഷ്ടപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. തൊഴിൽ പ്രശ്നങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ല എന്ന വ്യവസ്ഥക്ക് എതിരായിട്ട് പോലീസ് ഇടപെട്ട് പാവപ്പെട്ട ആളുകളുടെ പേരിൽ കള്ളക്കേസുണ്ടാക്കുന്നു, മർദ്ദിക്കുന്നു. ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, അവിടെ ഒരു സമരം കുറച്ചുനാളുകളായി നടക്കുന്നുണ്ട്. സാധാരണഗതിയിൽ തൊഴിൽ സമരങ്ങളുണ്ടായാൽ പോലീസ് ഇടപെടാറില്ല. മറ്റുചില പ്രത്യേക പരാതികളുടെ പുറത്ത് കേസ് എടുത്തിട്ടുണ്ട്. ഏതായാലും തൊഴിലാളികളെ ആവശ്യമില്ലാതെ ഉപദ്രവിക്കുന്നതു ശരിയല്ല എന്ന ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സമരം എത്രയും വേഗം ഒത്തുതീർപ്പിലെത്തിക്കാൻ കഴിയുമെന്നാണ് സമരം നടത്തുന്നവരും എല്ലാവരും പ്രതീക്ഷിക്കുന്നത്. ഏതായാലും പോലീസിന്റെ ഭാഗത്തുനിന്നും സമരംപൊളിക്കാൻവേണ്ടിയുള്ള നടപടികളുണ്ടാകരുതെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly